LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല മത്സ്യകൃഷി

265 (3971) ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിൽ ശുദ്ധജല മത്സ്യകൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; നാടൻ മത്സ്യ ഇനങ്ങളെ പോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശുദ്ധജല മത്സ്യകൃഷി പ്രവർത്തനങ്ങൾക്ക് മാത്രമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 4503.78 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാടൻ മത്സ്യ ഇനങ്ങളുടെ കൃഷി പോഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

കൃത്രിമ ജലാശയങ്ങളിലെ മത്സ്യകൃഷി

266 (3972) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്?

സംസ്ഥാനത്ത് ടാങ്കുകൾ, കൃത്രിമ ജലാശയങ്ങൾ എന്നിവിടങ്ങളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലുൾപ്പെടുത്തി ബയോഫ്ളോക് ടാങ്കിലെ മത്സ്യകൃഷി, RAS മത്സ്യകൃഷി, പടുതാകുളത്തിലെ മത്സ്യകൃഷി തുടങ്ങിയവ നടപ്പിലാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.